REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മാധ്യമപ്രവർത്തനമുൾപ്പടെ നിരവധി മേഖലകളിൽ നിർമിത ബുദ്ധിയുടെ വെല്ലുവിളികൾ നേരിടേണ്ടി വരുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **ആശാവർക്കർമാർ സെക്രട്ടറിയേറ്റിന് മുന്നിൽ ഇന്ന് അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കും. വിഷയം കേന്ദ്രവുമായി ചർച്ച ചെയ്യാൻ മന്ത്രി വീണാജോർജ്ജ് ഡൽഹിയിലേക്ക് പുറപ്പെട്ടു.**
- **മുണ്ടക്കൈ - ചൂരൽമല പുനരധിവാസത്തിന് ഇതുവരെ 72 ഗുണഭോക്താക്കൾ സമ്മതപത്രം നൽകി.**
- **കോഴിക്കോട് ആകാശവാണിയുടെ 75-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇന്ന് മുതിർന്ന നാടകപ്രവർത്തകരെ ആദരിക്കും.**

## വാർത്തകൾ വിശദമായി

മാധ്യമപ്രവർത്തനമുൾപ്പടെ നിരവധി മേഖലകളിൽ നിർമിത ബുദ്ധിയുടെ വെല്ലുവിളികൾ നേരിടേണ്ടി വരുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ന്യൂഡൽഹിയിൽ 19-ാമത് രാംനാഥ് ഗോയങ്കെ മാധ്യമ പുരസ്കാരങ്ങൾ സമ്മാനിച്ച് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. നിർമിത ബുദ്ധിയുടെ ദുരുപയോഗങ്ങളെ ക്കുറിച്ചും അപകടങ്ങളെക്കുറിച്ചും എല്ലാ പൗരന്മാരെയും ബോധവൽക്കരിക്കേണ്ടതുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

ആശാവർക്കർമാർ സെക്രട്ടറിയേറ്റിന് മുന്നിൽ ഇന്ന് അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കും. ഓണറേറിയം വർദ്ധിപ്പിക്കണമെന്നതടക്കം ആവശ്യങ്ങൾ ഉന്നയിച്ച് ആശാപ്രവർത്തകരുടെ സമരം ഇന്ന് 39-ാം ദിവസത്തിലേക്ക് കടക്കുകയാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......വോയ്സ്......

ഇന്നലെ ദേശീയ ആരോഗ്യ മിഷൻ സംസ്ഥാന ഡയറക്ടറുമായും പിന്നീട് മന്ത്രി വീണാജോർജുമായും നടത്തിയ ചർച്ച പരാജയപ്പെട്ടതിനെ തുടർന്നാണ് ആശാവർക്കർമാർ സമരം ശക്തമാക്കാൻ തീരുമാനിച്ചത്. ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ കേന്ദ്രമന്ത്രി JP നദ്ദയുമായി ചർച്ച ചെയ്യാൻ മന്ത്രി വീണാ ജോർജ് രാവിലെ ഡൽഹിലേക്ക് യാത്ര തിരിച്ചു.

ആശാ പ്രവർത്തകർ ഉന്നയിച്ച വിഷയങ്ങൾ കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന മന്ത്രി കേന്ദ്രം കുടിശികയാക്കിയ വിഹിതം നൽകണമെന്നും കൂടിക്കാഴ്ച്ചയിൽ ആവശ്യപ്പെട്ടേക്കും.

✪✪✪

ആശാവർക്കർമാരുടെ സമരം ഒത്തുതീരാത്തതിന് പിന്നിൽ മുഖ്യമന്ത്രിയുടെ പിടിവാശിയാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. 38 ദിവസം സമരം ചെയ്തിട്ടും സമരപന്തലിലേക്ക് ഒരു തവണ പോലും തിരിഞ്ഞുനോക്കാൻ മുഖ്യമന്ത്രി തയ്യാറായില്ല. സമരക്കാരുമായി മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്തിയിരുന്നെങ്കിൽ പ്രശ്നം പരിഹരിക്കാമായിരുന്നുവെന്നും ചെന്നിത്തല തിരുവനന്തപുരത്ത് വാർത്താകുറിപ്പിൽ അറിയിച്ചു.

✪✪✪

രാജ്യത്തെ മൊത്തം വൈദ്യുതി ഉത്പാദനത്തിൽ 42 ശതമാനത്തിലേറെയും ഹരിത വൈദ്യുതിയാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ന്യൂഡൽഹിയിൽ 32-ാമത് കൺവേർജൻസ് ഇന്ത്യ എക്സ്പോ അടക്കം പരിപാടികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജൈവ ഇന്ധനത്തിനും ബദൽ ഇന്ധനത്തിനുമാണ് ഗവൺമെന്റ് പ്രത്യേക പരിഗണന നൽകുന്നതെന്നും ഗഡ്കരി പറഞ്ഞു.

✪✪✪

കേന്ദ്ര യുവജന-കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെന്റിന്റെ ജില്ലാതല മത്സരങ്ങൾ ശനി, ഞായർ ദിവസങ്ങളിൽ കേരളത്തിലെ നാല് ജില്ലകളിലായി നടത്തും. സംസ്ഥാന തല മത്സരം 25 ന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും.

✪✪✪

KSEB സംസ്ഥാനതല സേഫ്റ്റി കോൺക്ലേവ് ഇന്ന് തിരുവനന്തപുരം കാട്ടാക്കടയിൽ മന്ത്രി K കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. വൈദ്യുതി മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കിടയിൽ സുരക്ഷാ അവബോധം നൽകുകയെന്ന ലക്ഷ്യവുമായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

✪✪✪

കേരള ഹൈക്കോടതി മുൻ ജഡ്ജിമാരായ ജസ്റ്റിസ് അശോക് മേനോനും, ജസ്റ്റിസ് V ഷെർസിയും ഇന്ന് ഉപലോകായുക്തമാരായി സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ സമുച്ചയത്തിൽ രാവിലെ 11ന് ലോകായുക്ത ജസ്റ്റിസ് N. അനിൽ കുമാർ ഇരുവർക്കും സത്യവാചകം ചൊല്ലിക്കൊടുക്കും.

✪✪✪

ഉക്രൈൻ പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കി റഷ്യക്കെതിരെ ഭാഗിക വെടിനിർത്തലിന് സമ്മതിച്ചതായി അമേരിക്ക അറിയിച്ചു. US പ്രസിഡന്റ് ഡൊണാൾഡ് ട്രംപും റഷ്യൻ പ്രസിഡന്റ് വ്ളാഡ്മിർ പുട്ടിനും നടത്തിയ ചർച്ചയിലെ ധാരണകൾ ഉക്രൈൻ പ്രസിഡന്റിനെ അറിയച്ചതിനെ തുടർന്നാണ് നിർണായക തീരുമാനത്തിലേക്ക് ഉക്രൈൻ നീങ്ങിയതെന്ന് വൈറ്റ് ഹൗസ് കേന്ദ്രങ്ങൾ വെളിപ്പെടുത്തി.

ഇന്നലെ ഉക്രൈനും റഷ്യയും 175 വീതം യുദ്ധ തടവുകാരെയും സിവിലിയന്മാരേയും കൈമാറിയതായി ഇരുവിഭാഗവും അറിയിച്ചു. റഷ്യ ഇതിനുപുറമെ സാരമായി പരിക്കേറ്റ 22 ഉക്രൈൻ തടവുകാരെയും വിട്ടയച്ചതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു.

✪✪✪

മുണ്ടക്കൈ - ചൂരൽമല പുനരധിവാസത്തിന് 72 ഗുണഭോക്താക്കൾ ഇതുവരെ സമ്മതപത്രം നൽകി. മേപ്പാടി ഗ്രാമപഞ്ചായത്തിലെ മൂന്ന് വാർഡുകളിൽപ്പെട്ടവരാണിവർ. ടൗൺഷിപ്പിലെ വീടിനായി 67 പേരും സാമ്പത്തിക സഹായത്തിന് അഞ്ച് പേരും ആണ് സമ്മതപത്രം നൽകിയത്.

ഡെസ്ക് റിപ്പോർട്ട്

..... വോയ്സ്...

പുനരധിവാസത്തിന് ഈ മാസം 24 വരെ നൽകുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഏപ്രിൽ 20ന് പ്രസിദ്ധീകരിക്കും.

ടൗൺഷിപ്പ് അന്തിമ ഗുണഭോക്തൃപട്ടികയിൽ രണ്ടാം ഘട്ട 2-B പട്ടിക കൂടി പ്രസിദ്ധീകരിച്ചതോടെ  ഗുണഭോക്താക്കളുടെ എണ്ണം 402 ആയി ഉയർന്നു. പുതിയ പട്ടികയിൽ 73 പേരെയാണ് ഉൾപ്പെടുത്തിയത്.

ഉരുൾപ്പൊട്ടലിൽ പുന്നപ്പുഴയിൽ അടിഞ്ഞ ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ 195 കോടി 55 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകി. ദുരന്തങ്ങൾ നേരിടുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്രം അനുവദിക്കുന്ന സാസ്കി ഫണ്ടിൽ നിന്ന് 65 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ബാക്കി തുകയുമാണ് ഇതിനുപയോഗിക്കുന്നത്.

✪✪✪

ഖേലോ ഇന്ത്യ പാരാ ഗെയിംസിന്,  ന്യൂഡൽഹിയിൽ ഇന്ന് തുടക്കമാവും. ഗെയിംസിന്റെ ഗാനം, ഭാഗ്യചിഹ്നം, ലോഗോ എന്നിവ  കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ സാന്നിധ്യത്തിൽ ഇന്നലെ പ്രകാശനം ചെയ്തു. ആറ് ഇനങ്ങളിലായി ആയിരത്തി മുന്നൂറിലധികം പാരാ അത്‌ലറ്റുകൾ  ഈ മാസം 27 വരെ നീളുന്ന ഗെയിംസിൽ  പങ്കെടുക്കും.

✪✪✪

രാജ്യാന്തര സൗഹൃദ ഫുട്ബോളിൽ ഷില്ലോങ്ങിൽ ഇന്ത്യ മാലദ്വീപിനെ മൂന്ന് ഗോളിന് തോൽപ്പിച്ചു. സുനിൽ ഛേത്രി വിരമിക്കൽ പിൻവലിച്ച ശേഷം പങ്കെടുത്ത ആദ്യ മത്സരമാണിത്.

✪✪✪

അണ്ടർ 23 ദേശീയ ബാസ്കറ്റ്ബോളിൽ പുരുഷ വിഭാഗത്തിൽ കേരളം പ്രീക്വാർട്ടറിൽ കടന്നു. ഗോഹട്ടിയിൽ ജമ്മുകശ്മീരിനെ തോൽപ്പിച്ചാണ് കേരളം പ്രീക്വാർട്ടറിലെത്തിയത്.

✪✪✪

സ്വിസ് ഓപ്പൺ ബാഡ്മിന്റൺ വനിതാ ഡബിൾസ് പ്രീ-ക്വാർട്ടറിൽ ഇന്ത്യയുടെ ട്രീസ ജോളിയും, ഗായത്രി ഗോപിചന്ദും ജർമ്മൻ സഖ്യത്തെ നേരിടും. വനിതാ സിംഗിൾസിൽ PV സിന്ധു ഡെന്മാർക്ക് താരത്തോട് തോറ്റു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭ ശങ്കരനാരായണൻ തമ്പി ഹാളിൽ ഇഫ്താർ വിരുന്ന് സംഘടിപ്പിച്ചു. നിയമസഭ സ്പീക്കറും മന്ത്രിമാരും, മുതിർന്ന ഉദ്യോഗസ്ഥരും, മത, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരും പങ്കെടുത്തു.

✪✪✪

കോഴിക്കോട് ആകാശവാണിയുടെ 75-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇന്ന് കോഴിക്കോട്ടെ മുതിർന്ന നാടകപ്രവർത്തകരെ ആദരിക്കും. ടൗൺഹാളിൽ വൈകിട്ട് ചടങ്ങിന് ശേഷം കോഴിക്കോട് രംഗഭാഷ അവതരിപ്പിക്കുന്ന 'മിഠായിത്തെരുവ്' എന്ന നാടകവും അവതരിപ്പിക്കും.

75-ാം വാർഷികത്തിന്റെ ഭാഗമായി തളി സാധകം സംഗീത സഭയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ സ്വാതി തിരുനാൾ സംഗീതോത്സവം നാളെ ആരംഭിക്കും. ചാലപ്പുറം കേസരി ഭവൻ ഓഡിറ്റോറിയത്തിൽ നാളെ വൈകിട്ട് കൊല്ലം GS ബാലമുരളിയുടെ സംഗീത കച്ചേരി ഉണ്ടായിരിക്കും. ശനിയാഴ്ച ചെന്നൈ TVS മഹാദേവന്റേയും, ഞായറാഴ്ച അമൃതാമുരളി ചെന്നൈയുടേയും വായ്പ്പാട്ട് സംഗീതോത്സവത്തിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീതസഭയുടെ ത്രിമൂർത്തി സംഗീതോത്സവം ഇന്ന് ആരംഭിക്കും. കാർത്തിക തിരുനാൾ ഓഡിറ്റോറിയത്തിൽ മൂന്ന് ദിവസത്തെ സംഗീതോത്സവം ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി V. ശിവകുമാർ ഉദ്ഘാടനം ചെയ്യും.

✪✪✪

BJP യുടെ നേതൃത്വത്തിൽ ഇന്ന് കണ്ണൂരിൽ ലഹരി വിരുദ്ധ മാർച്ച് സംഘടിപ്പിക്കും. വൈകിട്ട് പ്രഭാത് ജംഗ്ഷനിൽ BJP ദേശീയ ഉപാധ്യക്ഷൻ AP അബ്ദുള്ളക്കുട്ടി ഉദ്ഘാടനം ചെയ്യും. കാൽടെക്സിൽ സമാപിക്കും.

✪✪✪

കോഴിക്കോട് സിറ്റിയിൽ വില്പനയ്ക്കായി കൊണ്ടുവന്ന കഞ്ചാവുമായി നാല് പേരെ പിടികൂടി. കഞ്ചാവ് ഉപയോഗിച്ചതിന് 20 പേരെയും കസ്റ്റഡിയിലെടുത്തു.

കോഴിക്കോട് പുതിയ പാലത്തിന് സമീപം മുറുക്കാൻ കടയുടെ മറവിൽ ലഹരി വസ്തുക്കൾ അടങ്ങിയ മിഠായി വിൽപ്പന ചെയ്ത ഉത്തർപ്രദേശ്

സ്വദേശിയേയും ഡാൻസാഫും പോലീസും ചേർന്ന് പിടികൂടി. ഇയാളിൽ നിന്ന് നിരോധിച്ച പുകയില ഉത്പന്നങ്ങളും ലഹരി ഗുളികകളും പിടിച്ചെടുത്തു.

✪✪✪

മനുഷ്യ-വന്യ ജീവി സംഘർഷം ലഘൂകരിക്കുന്നതിന് പരമ്പരാഗത അറിവുകളുടെ ശേഖരണവും പ്രാധാന്യവും - എന്ന വിഷയത്തിൽ ഗോത്രഭേരി ശിൽപ്പശാല രാവിലെ ഇടുക്കി വെള്ളാപ്പാറ ഫോറസ്റ്റ് ഡോർമിറ്ററിയിൽ നടത്തും. ഗോത്രവർഗങ്ങളുടെ അറിവും അനുഭവവും പ്രയോജനപ്പെടുത്തി ആശയ രൂപീകരണമാണ് ലക്ഷ്യം.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഇടുക്കി സിറ്റിംഗ് ഉച്ച കഴിഞ്ഞ് തൊടുപുഴ PWD റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടത്തും.

കമ്മീഷൻ ചെയർമാൻ AA റഷീദ് ഹർജികൾ പരിഗണിക്കും. പുതിയ പരാതികളും സിറ്റിംഗിൽ സ്വീകരിക്കും.

✪✪✪

ഇന്ന് കാസർകോട് മുനിസിപ്പാലിറ്റിയിലും മൂളിയാർ, ചെങ്കള, മധൂർ, മുഗ്രാൻ പുത്തൂർ പഞ്ചായത്തുകളിലും ജലവിതരണം ഭാഗികമായി തടസ്സപ്പെടുമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു. ബാവിക്കര പമ്പ് ഹൗസിലെ അറ്റകുറ്റ പണിയെ തുടർന്നാണിത്.

✪✪✪

കോഴിക്കോട് തുഷാരഗിരിയ്ക്ക് സമീപം മിനിലോറി നിയന്ത്രണംവിട്ട് മറിഞ്ഞ് അതിഥി തൊഴിലാളി മരിച്ചു. അസം സ്വദേശി ലുഖ്മാനാണ് മരിച്ചത്. ആറ് പേർക്ക് പരുക്കേറ്റു.

✪✪✪

മലപ്പുറം എടക്കര ടൗണിലെ വ്യാപാര സ്ഥാപനത്തിൽ നിന്ന് റവന്യു ഇന്റലിജൻസും കസ്റ്റംസും ചേർന്ന് രണ്ട് ആനക്കൊമ്പുകൾ പിടി കൂടി. 35 കിലോയോളം തൂക്കം വരുന്ന കൊമ്പുകളാണ് കണ്ടെടുത്തത്. തൃശൂരിൽ പ്രവർത്തിക്കുന്ന ആനക്കൊമ്പ് വില്പന സംഘത്തിലെ എട്ടുപേരുമായാണ് സംഘം പരിശോധനക്കെത്തിയത്.

✪✪✪

കേരള കോൺഗ്രസ് എമ്മിന്റെ നേതൃത്വത്തിൽ ഇന്നും നാളെയും പത്തനംതിട്ട ജില്ലയിൽ മലയോര ജാഥ സംഘടിപ്പിക്കും. വൈകിട്ട് മല്ലപ്പള്ളിയിൽ കേരള

കോൺഗ്രസ് M വൈസ് ചെയർമാൻ തോമസ് ചാഴികാടൻ ഉദ്ഘാടനം ചെയ്യും. വന്യ ജീവി ആക്രമണത്തിനെതിരെ കേരള കോൺഗ്രസ് എം ചെയർമാൻ ജോസ് K മാണി എം.പിയുടെ നേതൃത്വത്തിൽ ഈ മാസം 27ന് ഡൽഹിയിൽ നടത്തുന്ന ധർണക്ക് മുന്നോടിയായാണ് മലയോര ജാഥ.

✪✪✪

ഓയിസ്ക കോട്ടയം ചാപ്റ്ററിന്റെ വൃക്ഷ മുത്തശ്ശി സംരക്ഷക അവാർഡിന് താഴത്തങ്ങാടി സ്വദേശികളായ KJ ജേക്കബ് - എൽസി ദമ്പതികൾ അർഹരായി. ലോക വനദിനമായ നാളെ വൃക്ഷ മുത്തശ്ശിത്തണലിൽ അവാർഡ് സമ്മാനിക്കും.

✪✪✪

മാനന്തവാടി ജെസ്സിയിൽ ഒമ്പത് ചാക്ക് നിരോധിത പുകയില ഉത്പനങ്ങൾ വീട്ടിൽ നിന്ന് പിടികൂടി. സംഭവത്തോട് ബന്ധപ്പെട്ട് വീട്ടുടമയും കച്ചവടക്കാരനുമായ KM ഹംസയെന്ന ആളെ അറസ്റ്റ് ചെയ്തു.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team:ശരണ്യ രാജൻ, ഫസ്ന ഫാത്തിമ*
*DEO : സുബോധ് സി കെ*